അക്ഷയജാലകം
ന്യൂസ് ബുള്ളറ്റിൻ

Issue - 6 | Enabling Akshaya is Empowering Kerala | 2018 February

# അക്ഷയ: നവീകരിച്ച വെബ്സൈറ്റ് നിലവിൽ വന്നു

അക്ഷയയുടെ നവീകരിച്ച വെബ്സൈറ്റ് നിലവിൽ വന്നു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ വെബ്സൈറ്റിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. അക്ഷയ വഴി നിലവിലുള്ള സേവനങ്ങളോടൊപ്പം പൊതുജനങ്ങൾക്കും സംരംഭകർക്കും കൂടുതൽ സൗകര്യങ്ങളും വിവരങ്ങളും ലഭ്യമാകുന്ന തരത്തിലാണ് വെബ്സൈറ്റ് തയ്യാറാക്കിയിട്ടുള്ളത്. സർക്കാർ സർക്കാരിതര സേവനങ്ങൾ, വിദ്യാഭ്യാസ സേവനങ്ങൾ തുടങ്ങിയവ സിറ്റിസൺ സർവ്വീസസ് എന്ന പേജിൽ ലഭ്യമാക്കിയിട്ടുണ്ട്. അക്ഷയ കേന്ദ്രങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ, ഓരോ അക്ഷയകേന്ദ്രത്തിലും ലഭിക്കുന്ന സേവനങ്ങൾ, ജില്ലാ ഓഫീസുകളെ സംബന്ധിക്കുന്ന വിവരങ്ങൾ എന്നിവ പോർട്ടലിൽ സജ്ജീകരിച്ചിട്ടുണ്ട്. ഓൺലൈനായി സംശയങ്ങൾ ഉന്നയിക്കാനും പരാതികൾ അയയ്ക്കാനും വേണ്ട സജ്ജീകരണവുമുണ്ട്. വിവരാവകാശം വഴി ബന്ധപ്പെടേണ്ട ഇൻഫർമേഷൻ ഓഫീസർമാരെ സംബന്ധിച്ച വിവരങ്ങളും സൈറ്റിൽ ലഭ്യമാണ്. ഐടി സെക്രട്ടറി എസ്. ശിവശങ്കർ,



അക്ഷയയുടെ നവീകരിച്ച വെബ്സൈറ്റ് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു.

അക്ഷയ ഡയറക്ടർ സീറാം ശാംബശിവറാവു, ബിഎസ്എൻഎൽ സിജിഎം ഡോ. പി.ടി. മാത്യൂസ്, ജനറൽ മാനേജർ ഡോ. ജ്യോതിശങ്കർ, ഇ-ഗവേർണൻസ് ഹെഡ് ഡോ. ശബരീഷ് കെ, നെറ്റ്വർക്ക് മാനേജർ സന്തോഷ്കുമാർ കെ, അക്ഷയ സർവ്വീസ് ഡലിവറി മാനേജർ റെജു ടോംലാൽ, മാർക്കറ്റിംഗ് മാനേജർ അഭിലാഷ് എന്നിവർ പങ്കെടുത്തു

# ആബി സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു

ആം ആദ്മി ബീമ യോജന (ആബി) പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവരുടെ കുട്ടികൾക്ക് 2017-18 വർഷത്തെ സ്കോളർഷിപ്പിന് ഇപ്പോൾ അപേക്ഷിക്കാം. ഒമ്പതു മുതൽ പന്ത്രണ്ട് വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കാണ് സ്കോളർഷിപ്പ്. ഐടിഐയിൽ പഠിക്കുന്ന കുട്ടികൾക്കും അപേക്ഷിക്കാം. പരമാവധി രണ്ട് കുട്ടികൾക്കുവരെയാണ് ആനുകൂല്യം ലഭിക്കുക. പ്രതിവർഷം 1200 രൂപയാണ് സ്കോളർഷിപ്പ്. സ്കൂളിലെ പ്രധാന അധ്യാപകൻ സാക്ഷ്യപ്പെടുത്തിയ അപേക്ഷ അക്ഷയ കേന്ദ്രങ്ങൾവഴി ഓൺലൈനായി സമർപ്പിക്കാം. ആബി പോളിസി സർട്ടിഫിക്കറ്റിന്റെയും ആധാർ കാർഡിന്റെയും ഒറിജിനൽ അപേക്ഷയോടൊപ്പം ഹാജരാക്കണം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി മാർച്ച് 15. അപേക്ഷാഫീസ് 15 രൂപ.

# ആധാർ: ഐറിസ് സ്കാനിംഗ് മാർച്ച് 31 വരെ ഒഴിവാക്കി

ആധാർ എൻറോൾ മെന്റിനും അപ്ഡേറ്റു ചെയ്യുന്നതിനും ഓപ്പറേറ്ററുടെ കണ്ണ് സ്കാൻ (ഐറിസ് സ്കാനിംഗ്) ചെയ്യണമെന്ന നിബന്ധന മാർച്ച് 31 വരെ നിർത്തിവച്ചു. വിവിധ പ്രവേശന പരീക്ഷകൾക്ക് അപേക്ഷ ക്ഷണിച്ചിട്ടുള്ളതിനാൽ ആധാർ അനുബന്ധ സേവനങ്ങൾക്ക് തിരക്കേറിയിരുന്നു. പല അക്ഷയ കേന്ദ്രങ്ങളിലും ഐറിസ് സ്കാനിംഗിന് സൗകര്യം ലഭ്യമായിരുന്നില്ല. ഇതേത്തുടർന്ന് താല്കാലികമായി യുഐഡിഎഐ ഐറിസ് സ്കാനിംഗ് നിർത്തിവയ്ക്കുകയായിരുന്നു.





അക്ഷയ സംരംഭകർക്കായുള്ള ബിഎസ്എൻഎൽ പ്ലാൻ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ പ്രകാശനം ചെയ്യുന്നു

## അക്ഷയ സംരംഭകർക്കായി ബിഎസ്എൻഎൽ സ്കീം

അക്ഷയ സംരംഭകർക്കായി ബിഎസ്എൻഎൽ പ്രത്യേകം ഇന്റർനെറ്റ് പ്ലാൻ ആരംഭിച്ചു. ഫൈബർ ടു ഹോം എന്ന സ്കീം അംഗീകരിച്ച് ഐടി മിഷൻ ഉത്തരവായി. 10 എംബിപിഎസ് സ്പീഡിൽ 120 ജിബി വരെ ഉപയോഗിക്കാൻ കഴിയുന്ന KL_AKSHAYA_ULD_875 എന്ന സ്കീമാണ് സംരംഭകർക്കായി അനുവദിച്ചിട്ടുള്ളത്. പ്രതിമാസ വാടക 825 രൂപയും മോഡം വാടക 90 രൂപയുമാണ്. പ്ലാൻ സെക്യൂരിറ്റി ഡെപ്പോസിറ്റ്, മോഡം സെക്യൂരിറ്റി ഡെപ്പോസിറ്റ്, ഇൻസ്റ്റലേഷൻ ചാർജ്ജ് എന്നിവ ഒഴിവാക്കിയിട്ടുണ്ട്.




## ഭിന്നശേഷിക്കാർക്ക് ഏകീകൃത തിരിച്ചറിയൽ കാർഡ്

ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് ഏകീകൃത തിരിച്ചറിയൽ കാർഡിനുള്ള അപേക്ഷ അക്ഷയവഴി നൽകാൻ ധാരണയായി. സാമൂഹ്യനീതി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സാമൂഹ്യ സുരക്ഷാ മിഷൻ വഴിയാണ് പദ്ധതി നടപ്പാക്കുന്നത്. സംസ്ഥാനതലത്തിൽ ഡേറ്റാ എൻട്രിയുടെ ചുമതല പൂർണമായും അക്ഷയയ്ക്കാണ്. പൈലറ്റടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിലാണ് ആദ്യമായി പദ്ധതി നടപ്പാക്കുന്നത്. തുടർന്ന് എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കും. ഇതിനുള്ള അപേക്ഷകൾ ജില്ലാതലത്തിൽ ക്രോഡീകരിച്ച് അക്ഷയ കേന്ദ്രങ്ങൾക്ക് നൽകും. ഡേറ്റ എൻട്രി പൂർത്തിയാക്കിയ ശേഷം ഫോമുകൾ തിരച്ചേൽപ്പിക്കണം.മൂന്നു മാസത്തിനുള്ളിൽ ഡേറ്റ എൻട്രി പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

## കെ ഫോൺ: ജിയോ മാപ്പിംഗ് തുടങ്ങി

സർക്കാർ സ്ഥാപനങ്ങളുടെയും പൊതു സ്ഥാപനങ്ങളുടെയും ലൊക്കേഷൻ കണ്ടെത്തി മൊബൈൽ ആപ്ലിക്കേഷൻവഴി ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചു. ഇതിനായി ആശുപത്രികൾ, വിദ്യാലയങ്ങൾ, സാംസ്കാരിക സ്ഥാപനങ്ങൾ, പോലീസ് സ്റ്റേഷനുകൾ, പാർക്കുകൾ, ബസ് സ്റ്റേഷനുകൾ തുടങ്ങിയവയെ ജിയോ മാപ്പിംഗ് വഴി രേഖപ്പെടുത്തും. അക്ഷയ കേന്ദ്രങ്ങൾ വഴിയാണ് ഇതിനാവശ്യമായ വിവരശേഖരണം നടത്തുന്നത്. എല്ലാ സർക്കാർ ഓഫീസുകളിലും അതിവേഗ ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുന്ന കെ ഫോൺ പദ്ധതി നടപ്പിലാക്കുന്നതിനു മുന്നോടിയായാണ് ജിയോ മാപ്പിംഗ് നടത്തുന്നത്. അക്ഷയ സംരംഭകർ ഓഫീസുകളിൽ നേരിട്ടെത്തി വിവരശേഖരണം നടത്തി അവിടെ വച്ചുതന്നെ മൊബൈൽ ആപ്ലിക്കേഷനിൽ ലൊക്കേഷൻ രേഖപ്പെടുത്തും. വിഭവ് എന്ന ആപ്ലിക്കേഷൻ വഴിയാണ് ലൊക്കേഷനുകൾ രേഖപ്പെടുത്തുന്നത്.

ഓരോ ഓഫീസിലെയും സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ, എത്തിച്ചേരാനുള്ള വഴി എന്നിവ ആപ്ലിക്കേഷൻ വഴി ലഭിക്കും. ഭൂമി, റോഡ്, പാലങ്ങൾ, വനവിസ്തൃതി തുടങ്ങിയവ പൊതുജനങ്ങൾക്കും വിവിധ വകുപ്പുകൾക്കും ഇതിൽനിന്ന് ശേഖരിക്കാനാകും. ഐടി മിഷനുവേണ്ടി കേരള സ്റ്റേറ്റ് സ്പേഷ്യൽ ഡേറ്റ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് ആണ് പദ്ധതി നടപ്പിലാക്കുന്നത്.



# സർക്കാർ സേവനങ്ങൾക്ക് ഏകജാലക സംവിധാനം

എല്ലാ ഗവൺമെന്റ് വകുപ്പുകളുടെയും സേവനങ്ങൾ ഏക ജാലക സംവിധാനത്തിലൂടെ ജനങ്ങൾക്ക് ലഭ്യമാക്കുന്ന സ്റ്റേറ്റ് പോർട്ടൽ നവീകരിച്ച് പ്രവർത്തന സജ്ജമായി. ഒരു യൂസർ നെയിമും പാസ് വേർഡും വഴി എല്ലാ വകുപ്പുകളുടെയും സേവനങ്ങൾ ഇനി www.kerala.gov.in എന്ന ഒറ്റ വെബ്സൈറ്റിലൂടെ ലഭിക്കും. വെബ്സൈറ്റിൽ ആദ്യം രജിസ്റ്റർ ചെയ്യണം. തുടർന്ന് യൂസർനെയിമും പാസ് വേർഡും ഉപയോഗിച്ച് കയറാം.വിവിധ വകുപ്പുകളുടെ 60 – ഓളം സേവനങ്ങളാണ് ഇതു വഴി ലഭ്യമാകുന്നത്. വൈദ്യുതി ബിൽ, വെള്ളക്കരം, യൂണിവേഴ്സിറ്റി ഫീസ് തുടങ്ങി നിരവധി സേവനങ്ങൾ വെബ്സൈറ്റിലൂടെ ലഭിക്കും. കൂടാതെ നിരവധി ബാങ്കുകളുടെ പണമിടപാടിനും സൗകര്യമുണ്ട്. ബാങ്ക് ടു ബാങ്ക്, ഇന്റർനെറ്റ് ബാങ്കിങ്, ഡെബിറ്റ് കാർഡ്, ക്രെഡിറ്റ് കാർഡ് എന്നിവ ഉപയോഗിച്ച് വെബ്സൈറ്റ് വഴി പണമിടപാട് നടത്താം. ഇന്റർനെറ്റ് ബാങ്കിങ്ങിലൂടെ പണമടയ്ക്കുന്നതിനു സേവന നിരക്കില്ല. പണമിടപാടിന്റെ വിവരങ്ങളും ലഭിക്കും. പോർട്ടൽ വഴി ജനങ്ങൾക്ക് അവരുടെ ആശയങ്ങളും നിർദ്ദേശങ്ങളും പങ്കുവയ്ക്കാനും സർക്കാരുമായി സംവദിക്കാനും വിവിധ പദ്ധതികളെ കുറിച്ചുള്ള അഭിപ്രായങ്ങൾ സമർപ്പിക്കുവാനും അവസരമുണ്ട്. ഇത് വഴി പൊതുജന പങ്കാളിത്തം ഉറപ്പു വരുത്താൻ കഴിയുന്നു.




## ഈ ഓഫീസ് : ഇടുക്കി ആദ്യ താലൂക്ക്

ഇടുക്കി സംസ്ഥാനത്ത് ഈ ഓഫീസ് നടപ്പിലാക്കിയ ആദ്യ താലൂക്കായി. റവന്യൂ മന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ ഇടുക്കി താലൂക്കിൽ ഇ-ഓഫീസിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ. എം.എം. മണി ഇടുക്കി വില്ലേജ് ഓഫീസിൽ ഇ-ഓഫീസിന് തുടക്കം കുറിച്ചു. ഇടുക്കി എം.എൽ.എ ശ്രീ. റോഷൻ അഗസ്റ്റിൻ, പീരുമേട് എം.എൽ.എ. ശ്രീമതി ഇ.എസ്. ബിജിമോൾ, ജില്ലാ കളക്ടർ ശ്രീ. ജി.ആർ. ഗോകുൽ ഐ.എ.എസ്. എന്നിവർ പങ്കെടുത്തു.



ഇടുക്കി താലൂക്കിൽ ഇ-ഓഫീസിന്റെ ഉദ്ഘാടനം റവന്യൂ മന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ നിർവ്വഹിക്കുന്നു

## സംരംഭകർക്ക് മാസ്റ്റർ ട്രെയിനർ പരിശീലനം

അക്ഷയ സംരംഭകർക്ക് സാങ്കേതിക സഹായം നൽകുന്നതിനായി തെരഞ്ഞെടുത്ത സംരംഭകർക്ക് ജില്ലാതലത്തിൽ പരിശീലനം ആരംഭിച്ചു. ബ്ലോക്കിൽനിന്നും ഓരോ സംരംഭകരെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ഇവർക്ക് രണ്ടു ദിവസത്തെ പരിശീലനമാണ് നൽകുന്നത്. ആധാർ, കിയോസ്ക് ബാങ്കിംഗ് എന്നിവ ഉൾപ്പെടെയാണ് പരിശീലനം. ജില്ലാ ഓഫീസുകളിലെ ടെക്നിക്കൽ സ്റ്റാഫും സംസ്ഥാന ഓഫീസിൽനിന്ന് നിശ്ചയിച്ചിട്ടുള്ള സ്റ്റാഫുകളും പരിശീലനത്തിന് നേതൃത്വം നൽകും. പരിശീലനം നേടിയ സംരംഭകരുടെ സേവനം ബ്ലോക്കു തലത്തിൽ മറ്റു സംരംഭകർക്ക് ലഭ്യമാക്കും.



ഇടുക്കിയിൽ സംരംഭകർക്കുള്ള പരിശീലനത്തിൽ ശ്രീ. എസ്. ഷിനു ക്ലാസ് നയിക്കുന്നു.

***Please visit our Facebook Page:***
**https://www.facebook.com/akshayacsckerala**




**റിപ്പോർട്ടുകളും രചനകളും** ന്യൂസ് ലെറ്ററിൽ ഉൾപ്പെടുത്തുന്നതിലേക്ക് ജില്ലാതലത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും ഫോട്ടോയും newsletteraspo@gmail.com എന്ന മെയിൽ ഐഡിയിലേക്ക് അയച്ചുതരേണ്ടതാണ്.


എറണാകുളം: അന്യസംസ്ഥാന തൊഴിലാളികളുടെ ആധാർ എൻറോൾമെന്റ്


വയനാട് ജില്ലയിലെ കോൽപ്പാറ, അമ്പുകുത്തി എന്നീ കോളനികളിൽ ആധാർ എൻറോൾമെന്റ് നടക്കുന്നു.


പാലക്കാട് : കെ-ഫോൺ-ജിയോ മാപ്പിംഗ് പരിശീലനം


പത്തനംതിട്ട : ജിയോ മാപ്പിംഗ് പരിശീലനം


കാസർഗോഡ് : ഐസിടി അക്കാഡമിയുടെ രണ്ടാംഘട്ട പരിശീലനം


കോട്ടയം: ജില്ലാ ലീഗൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നടന്ന നിയമ സഹായ ക്യാമ്പ് ജില്ലാ ജഡ്ജി ശ്രീ. കെ. സത്യൻ ഉത്ഘാടനം ചെയ്തു. ക്യാമ്പിൽ അക്ഷയയുടെ നേതൃത്വത്തിൽ ആധാർ എൻറോൾമെന്റ നടന്നു.


മലപ്പുറം കളക്ട്രേറ്റ് ഗ്രൗണ്ടിൽ നടന്ന റവന്യൂ സ്റ്റാഫ് കുടുംബസംഗമത്തിൽ സജ്ജമാക്കിയ അക്ഷയ സ്റ്റാൾ